പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6962 02.11.2011 ൽ മറുപടിക്ക്

## ശബരിമലയിൽ തീർത്ഥാടകർക്കായി പിൽഗ്രിം സെന്ററുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ശിവദാസൻ നായർ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. റ്റി. എൻ. പ്രതാപൻ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പു മന്ത്രി) |
| (എ) ശബരിമലയിൽ തീർത്ഥാടകർക്കായി എന്തെല്ലാം സൗകര്യങ്ങളാണ് മരാമത്ത് വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ളത് ; | (എ) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ ചുമതലയിലുള്ള ശബരിമലയിലേയും, പമ്പയിലേയും, താഴെ പറയുന്ന സർക്കാർ കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ പൂർത്തിയാക്കി വരുന്നു. അറ്റകുറ്റപണികൾ നവംബർ 10-ാം തീയതിക്കു മുൻപായി പൂർത്തീകരിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്.<br>1. ഗവൺമെന്റ് ഡിസ്പെൻസറി, സന്നിധാനം<br>2. ആയുർവേദ, ഹോമിയോ ഡിസ്പെൻസറി, സന്നിധാനം<br>3.പോലീസ് കൺട്രോൾ റൂം, സന്നിധാനം<br>4. പി.ഡബ്ല്യു.ഡി. ക്യാമ്പ് ഷെഡ്, സന്നിധാനം<br>5. ഹോമിയോ ഡിസ്പെൻസറി - പമ്പ<br>6. ഗവൺമെന്റ് ഡിസ്പെൻസറി - പമ്പ<br>ശബരിമലയിലേക്കുള്ള എല്ലാ പ്രധാന പാതകളും മണ്ഡല കാലത്തിനു മുൻപ് ഗതാഗത യോഗ്യമാക്കുന്നതിനുള്ള നടപടികൾ, പെയിന്റിംഗ് ജോലികൾ, റോഡരികിലെ കാട് നീക്കം ചെയ്യൽ എന്നിവയ്ക്കുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) തീർത്ഥാടകർക്കായി പിൽഗ്രിം സെന്ററുകൾ തുടങ്ങുന്നകാര്യം പരിഗണനയിലുണ്ടോ ; | (ബി) തീർത്ഥാടകർക്കായി റാന്നിയിൽ ഒരു പിൽഗ്രിം സെന്റർ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ട്. |
| (സി)എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ? | (സി) റാന്നിയിൽ നിർമ്മിക്കുന്ന പിൽഗ്രിം സെന്ററിന്റെ ഒന്നാം ഘട്ടത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു. |

സെക്ഷൻ ഓഫീസർ